**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 273** **12-10-2026-ൽ മറുപടിയ്ക്ക്**

**ഓണക്കാല വിപണി ഇടപെടൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗ്ഗീസ് മാമ്മൻ — ശ്രീ. അനൂപ് ജേക്കബ്

ശ്രീ. റെജി ചെറിയാൻ — (ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രണത്തിനായി ഓണക്കാലത്ത് നിലവിലെ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

**മറുപടി:** വിലക്കയറ്റം തടയുന്നതിനായി പൊതു വിതരണ ഉപഭോക്തൃ കാര്യ വകുപ്പിലെ ജില്ലാ/ താലൂക്ക് തല സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ പൊതുവിപണിയിൽ പരിശോധനകൾ നടത്തുകയും വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, അമിതവില ഈടാക്കുന്നുണ്ടോ, കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുകയും ക്രമക്കേടുകൾ കണ്ടെത്തിയിടത്ത് നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനതലത്തിൽ 8927 പൊതുവിപണി പരിശോധനകൾ നടത്തുകയും 868 ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷാ വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി പ്രത്യേക സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവിപണി പരിശോധനകളും നടത്തിയിരുന്നു.

അരിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിലേക്കായും വില നിയന്ത്രിക്കുന്നതിനായും FCI-ൽ നിന്നും OMSS മുഖേന കിലോഗ്രാമിന് 23.20 രൂപ എന്ന നിരക്കിൽ ലഭ്യമായ അരി റേഷൻകടകളിലൂടെ വിതരണം ചെയ്തതിലൂടെ പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലെ ഓരോ കുടുംബത്തിനും 3 കിലോഗ്രാം വീതവും മുൻഗണനേതര വിഭാഗത്തിലെ ഓരോ കുടുംബത്തിനും 10 കിലോഗ്രാം വീതവും അരി പ്രത്യേകമായി വിതരണം ചെയ്തതിനു പുറമെ വിവിധ റേഷൻ കാർഡ് വിഭാഗങ്ങൾക്ക് അരി, ഗോതമ്പ്, ആട്ട, പഞ്ചസാര എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. ഓണക്കാലത്ത് സംസ്ഥാനത്തെ മുഴുവൻ AAY കാർഡുകൾക്കും 15 ഇനം ഭക്ഷ്യ സാധനങ്ങൾ ഉൾപ്പടെ സൗജന്യകിറ്റും അനുവദിക്കുകയുണ്ടായി.

വിപണി ഇടപെടലിന്റെ ഭാഗമായി 14 ജില്ലകളിലും ഓഗസ്റ്റ് 25 വരെ വിപുലമായ രീതിയിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകളും, മൂന്ന് മെഗാ ട്രേഡ് ഫെയറുകളും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒരു പ്രധാന സപ്ലൈകോ വില്പനശാലയോട് അനുബന്ധിച്ച് 2026 ഓഗസ്റ്റ് 21 മുതൽ 25 വരെ ഓണം ഫെയറുകൾ നടത്തിയിട്ടുണ്ട്. അരി, വെളിച്ചെണ്ണ, പഞ്ചസാര, വിവിധ ശബരി മസാലകൾ തുടങ്ങി 21 ഇനങ്ങൾ അടങ്ങിയ അത്തം ഓണസമ്മാന കിറ്റ് ആയിരം രൂപയ്ക്കും 25 ഇനങ്ങൾ അടങ്ങിയ ഉത്രാടം കിറ്റ് ആയിരത്തി അഞ്ഞൂറ് രൂപയ്ക്കും, 30 ഇനങ്ങൾ അടങ്ങിയ പ്രീമിയം ഓണാഘോഷ കിറ്റായ തിരുവോണം കിറ്റ് രണ്ടായിരം രൂപയ്ക്കും പുട്ടുപൊടി, സേമിയ, പായസക്കൂട്ട് ,മുളകുപൊടി, മഞ്ഞപ്പൊടി തുടങ്ങി 9 പ്രീമിയം ശബരി

ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ശബരി സിഗ്നേച്ചർ കിറ്റ് 299 രൂപയ്ക്കും സപ്ലൈകോ വില്പനശാലകളിൽ നിന്ന് പൊതു വിപണിവിലയേക്കാൾ വിലക്കുറവിൽ ഉപഭോക്താവിന് ലഭ്യമാക്കുകയുണ്ടായി. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ്.എം. സി.ജി. കമ്പനികളുടെ 350 ലധികം ഉൽപ്പന്നങ്ങൾക്കും സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾക്കും പ്രത്യേക കോമ്പോ ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകുകയുണ്ടായി. കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും നടത്തിയ പ്രവർത്തനങ്ങൾ ഓണക്കാലത്തെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹായകരമായിട്ടുണ്ട്.

**(ബി)** പ്രസ്തുത ഇടപെടലുകളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഓണക്കാലത്ത് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി സബ്സിഡി-സബ്സിഡിയേതര ഇനങ്ങളുടെ വിപണനത്തിൽ മുൻവർഷങ്ങളിൽ നിന്ന് എന്തൊക്കെ മാറ്റങ്ങളാണ് ഈ വർഷം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; ഇതിൽ സബ്സിഡി ഇനത്തിൽ ചെലവായ തുകയെത്രയെന്ന് അറിയിക്കാമോ;

**മറുപടി:** മുൻ വർഷത്തേത്തിൽ നിന്നും വ്യത്യസ്തമായി മൂന്നിടങ്ങളിൽ മെഗാ ട്രേഡ് ഫെയർ ആയാണ് സപ്ലൈകോ ഓണം ഫെയർ ഇത്തവണ സംഘടിപ്പിച്ചത്. കോഴിക്കോട് ബീച്ചിലും, എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലും തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലും മറ്റ് സ്വകാര്യ - സർക്കാർ സെക്ടറുകളിലെ പ്രമുഖ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ കൂടി ഉൾപ്പെടുത്തിയാണ് ഓണം മെഗാ ട്രേഡ്ഫെയർ സംഘടിപ്പിച്ചത്. ജർമ്മൻ ഹാങ്കർ സ്ട്രക്ചറിൽ, എയർകണ്ടീഷൻഡ് സൗകര്യമാണ് ഒരുക്കിയത്. 4000 സ്ക്വയർ ഫീറ്റിലുള്ള സപ്ലൈകോ സ്റ്റാളിനു പുറമേ, മിൽമ, പച്ചക്കറി, തുണിത്തരങ്ങൾ, ഫുട്‌വെയറുകൾ, ഭക്ഷ്യ ഉത്പന്നങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഓട്ടോമൊബൈൽസ് തുടങ്ങി വിവിധ വിഭാഗങ്ങളിലുള്ള ഉൽപ്പന്നങ്ങളുടെ സ്റ്റാളുകളാണ് മൂന്നു മെഗാ ട്രേഡ് ഫെയറുകളിലുമായി ഒരുക്കിയത്. മറ്റ് 11 ജില്ലകളിൽ പ്രധാന സ്ഥലങ്ങളിൽ ഓഗസ്റ്റ് 14 മുതൽ 25 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ജില്ലാ ഫെയറുകൾ സംഘടിപ്പിച്ചു. പതിമൂന്നിനം സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ കൗണ്ടറുകളും, മിൽമ, ഹോർട്ടികോർപ്പ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു.

കൂടാതെ, സപ്ലൈകോ വിൽപ്പനശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ്. എം. സി. ജി. കമ്പനികളുടെ 350 ലധികം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും വിലക്കുറവും നൽകിയിരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾക്കും പ്രത്യേക കോമ്പോ ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകിയിരുന്നു.

13 ഇനം അവശ്യ വസ്തുക്കളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പന മൂലം ജൂലായ് മാസത്തിൽ 17.69 കോടി രൂപയും ഓഗസ്റ്റ് മാസത്തിൽ 37.79 കോടി രൂപയും അധികമായി ചെലവായിട്ടുണ്ട്.

**(ഡി)** ആസന്നമായ ഉത്സവ-പുതുവത്സര കാലത്തും പ്രസ്തുത ഇടപെടലുകൾ തുടരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** ആസന്നമായ ഉത്സവ – പുതുവത്സര കാലത്തും പ്രസ്തുത ഇടപെടലുകൾ തുടരുന്നതാണ്. ആയതിൻറെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, കോട്ടയം ജില്ലകളിൽ സപ്ലൈകോ മുഖേന ക്രിസ്തുമസ് ഫെയർ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**